പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3418 19.06.2019 - ലെ മറുപടിക്ക്

# ഡ്രൈവർ കം കണ്ടക്ടർ സംവിധാനം

ചോദ്യം

ശ്രീ.പാറയ്ക്കൽ അബ്ദുല്ല

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അപകടം കുറയ്ക്കാനും ഡ്രൈവർ മാർക്ക് മതിയായ വിശ്രമം ലഭിക്കാനും കെ.എസ്.ആർ.ടി.സി.യിൽ ഏർപ്പെടുത്തിയ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇല്ല |
| (ബി) | പ്രസ്തുത സംവിധാനം പല ഡിപ്പോകളിലും ഇനിയും നടപ്പാക്കാത്ത സാഹചര്യമുണ്ടോ; നടപ്പാക്കിയ ഡിപ്പോകളിൽ അത് റദ്ദ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ: | (ബി) | ഡ്രൈവർ കം കണ്ടക്ടർ സംവിധാനം പൂർണ്ണമായി നിർത്തലാക്കുന്നതിൽ തീരുമാനം കൈകൊണ്ടിട്ടില്ല. എന്നാൽ ചില ഡിപ്പോകളിലെ ചുരുക്കം സർവ്വീസുകളിൽ നിന്നും കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം താൽക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത സംവിധാനം എത്ര സർവീസുകളിൽ ഇതിനകം നടപ്പാക്കി; എത്ര സർവീസുകളിൽ നിർത്തൽ ചെയ്തു; വ്യക്തമാക്കുമോ; | (സി) | ആകെ 83 സർവ്വീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 3 സർവ്വീസുകളിൽ നിന്ന് ടി സംവിധാനം താൽക്കാലികമായി പിൻവലിച്ചിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള സൂപ്പർക്ലാസ് ബസുകളിൽ ഡ്രൈവർ കം കണ്ടക്ടറെയോ നിശ്ചിത ഇടവേളകളിൽ ക്രൂ ചെയ്ഞ്ചോ ഏർപ്പെടുത്തണമെന്ന ഉത്തരവിനെ മറികടക്കുന്ന രീതിയാണോ കെ.എസ്.ആർ.ടി. | (ഡി) യും (ഇ) | അല്ല. ഡ്രൈവർ കം കണ്ടക്ടർ സംവിധാനം പൂർണ്ണമായി നിർത്തലാക്കുന്നതിൽ തീരുമാനം കൈകൊണ്ടിട്ടില്ല. എന്നാൽ ചില ഡിപ്പോകളിലെ ചുരുക്കം സർവ്വീസുകളിൽ നിന്നും കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകര |

| | | | |
|---|---|---|---|
| | സി. കൈക്കൊള്ളുന്നത് എന്നറിയിക്കാമോ; | യും | മാകുന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം താൽക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്. |
| (ഇ) | അല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | | |

**സെക്ഷൻ ഓഫീസർ**